ശിക്ഷിക്കപ്പെട്ട അമ്മമാരോടൊപ്പം ജയിലിൽ കഴിയുന്ന കുട്ടികൾ

55 (3806) ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശിക്ഷിക്കപ്പെട്ട അമ്മമാരുടെ കൂടെ താമസിക്കുന്ന അഞ്ച് വയസ്സിൽ കുറഞ്ഞ എത്ര കുട്ടികൾ ജയിൽവാസികളായി കഴിയുന്നുണ്ട് ;

(ബി) ഈ കുട്ടികളെ മറ്റ് കുറ്റവാളികളോടാപ്പമാണോ പാർപ്പിച്ചിട്ടുള്ളത് ;

(സി) ഇവർക്കുവേണ്ടി നഴ്സറി സ്കൂളുകളോ അംഗൻവാടികളോ ജയിലിൽ പ്രവർത്തിക്കുന്നുണ്ടോ ;

(ഡി) ഇല്ലാത്തപക്ഷം ഇവരെ പുറത്തുള്ള നഴ്സറി സ്കൂളുകളിലോ, അംഗൻവാടികളിലോ അയയ്ക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) രണ്ട് കുട്ടികൾ.

(ബി) അതെ.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) ജയിൽ ചട്ടങ്ങളിൽ ഇതിന് അനുയോജ്യമായ നിയമങ്ങൾ ഇപ്പോൾ നിലവിലില്ല. ഇക്കാര്യത്തിൽ പ്രിസൺ മേധാവിയുമായി ആലോചിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

കാസർഗോഡ് സബ്ജയിലിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

56 (3807) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് സബ്ജയിലിൽ എത്ര തടവുകാരെ പാർപ്പിക്കാനുള്ള സൗകര്യമാണ് ഇപ്പോഴുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ജയിലിൽ എത്രപേരെ താമസിപ്പിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ജയിലിൽ സൗകര്യം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കാസർഗോഡ് സബ്ജയിലിൽ 60(അറുപത്) തടവുകാരെ പാർപ്പിക്കാനുള്ള സൗകര്യം ഉണ്ട്.

(ബി) കാസർഗോഡ് സബ്ജയിലിൽ ഇപ്പോൾ 76 പേരെ താമസിപ്പിക്കുന്നുണ്ട്.

(സി) കാസർഗോഡ് സബ്ജയിലിന്റെ അറ്റകുറ്റപ്പണികൾക്കായി 1997-98 കാലഘട്ടത്തിൽ 2,85,000 രൂപയും 2000-2001 കാലഘട്ടത്തിൽ 3,70,000 രൂപയും കേന്ദ്രസഹായം വിനിയോഗിച്ച് ചെലവഴിച്ചിട്ടുണ്ട്. നടപ്പുവർഷം ടി ജയിലിലെ സൗകര്യം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് 10 ലക്ഷം രൂപയുടെ തടങ്കൽ കേന്ദ്രസഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്.

വിമുക്തഭടന്മാർക്കായി ഏർപ്പെടുത്തിയിട്ടുള്ള ആനുകൂല്യങ്ങൾ

57 (3808) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടന്മാർക്കായി സർക്കാർ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) വിമുക്തഭടൻമാരുടെ മക്കൾക്കും ആശ്രിതർക്കും നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) വിമുക്തഭടന്മാർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വിമുക്തഭടന്മാർക്കായി സർക്കാർ നൽകിവരുന്ന പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(ബി) വിമുക്തഭടന്മാരുടെ മക്കൾക്കും ആശ്രിതർക്കും നൽകിവരുന്ന പ്രധാനപ്പെട്ട ആനുകൂല്യങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.*

(സി) രണ്ടാം ലോകമഹായുദ്ധ സേനാനികളായ വിമുക്തഭടന്മാർക്ക് നൽകിവരുന്ന പ്രതിമാസ സാമ്പത്തികസഹായവും ധീരതാപുരസ്കാരം നേടിയ സൈനികർക്ക് നൽകിവരുന്ന സാമ്പത്തിക സഹായവും വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

മരണപ്പെട്ട സൈനികൻ സ്വാമിനാഥന്റെ കുടുംബത്തിനുള്ള ധനസഹായ വിതരണം

58 (3809) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഗിൽ യുദ്ധത്തിൽ ജീവൻ ബലിയർപ്പിച്ച സ്വാമിനാഥൻ എന്ന സൈനികന്റെ കുടുംബത്തിന് സംസ്ഥാന സർക്കാർ ധനസഹായം നൽകിയോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly